# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:74 **08.01.2014 - ൽ മറുപടിക്ക്**

### തിരുവനന്തപുരം നഗരത്തിലെ പൈപ്പുപൊട്ടൽ ഭീഷണി

**ചോദ്യം**

ശ്രീമതി പി.അയിഷാ പോറ്റി
ശ്രീ. വി.ശിവൻകുട്ടി
ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ
ശ്രീ. ബി. സത്യൻ

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) നഗരത്തിൽ അടിക്കടിയുണ്ടാകുന്ന പൈപ്പുപൊട്ടൽ കാരണം ജനം കുടിവെള്ളമില്ലാതെ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നഗരത്തിൽ അടിക്കടിയുണ്ടാകുന്ന പൈപ്പുപൊട്ടൽ കാരണം ജനം കുടിവെള്ളമില്ലാതെ ദുരിതമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അരുവിക്കരയിൽ നിന്നുള്ള പ്രധാന പൈപ്പു ലൈനിന് പകരം കാസ്റ്റ് അയൺ പൈപ്പിട്ട് ജലവിതരണം തടസ്സം കൂടാതെ നടത്തുമെന്ന പ്രഖ്യാപനം നടപ്പിലാകാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) അരുവിക്കരയിൽ നിന്നും നിലവിലുള്ള പി.എസ്.സി. ട്രാൻസ്മിഷൻ പൈപ്പിനു പകരം പേരൂർക്കട വരെ എം.എസ്. പൈപ്പിട്ട് ജലവിതരണം നടത്തുന്നതിനുള്ള 4911 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് 09.03.2012-ൽ ഭരണാനുമതി നല്കിയിരുന്നു. 18/04/2012-ൽ സാങ്കേതികനുമതി നല്കിയ ഈ പദ്ധതിയുടെ 33.83 കോടിയുടെ വർക്ക് ഓർഡർ 05/09/2012ൽ ലക്ഷ്മി സിവിൽ എഞ്ചിനീയറിംഗ് സർവ്വീസസ് ലിമിറ്റഡ് എന്ന കമ്പിനിയ്ക്ക് നല്കി. തുടർന്ന് 19/09/2012-ൽ എഗ്രിമെന്റ് വച്ച് 21/01/2013-ൽ പണി തുടങ്ങുകയും 8 കി.മീ. പൈപ്പ് ലൈൻ ഇതിനകം ഇട്ടുകഴിയുകയും ചെയ്തു. പദ്ധതി 2014 ഫെബ്രുവരി അവസാനത്തോടെ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | അടിക്കടിയുള്ള പൈപ്പുപൊട്ടലിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം പാലിച്ചോ; എങ്കിൽ കണ്ടെത്തൽ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ ; | (സി) | അടിക്കടിയുള്ള പൈപ്പ് പൊട്ടലിനെക്കുറിച്ച് വിജിലൻസ് അന്വേഷണംനടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പ്, വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | അടിക്കടിയുണ്ടാകുന്ന പൈപ്പു പൊട്ടലിന്റെ പിന്നിലുണ്ടാകാനിടയുള്ള വാണിജ്യ താല്പര്യത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിരുന്നുവോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | അടിക്കടിയുണ്ടാകുന്ന പൈപ്പു പൊട്ടലിന്റെ പിന്നിലുണ്ടാകാനിടയുള്ള വാണിജ്യ താല്പര്യത്തെക്കുറിച്ച് പ്രത്യേക അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ 2013 ഫെബ്രുവരി 25-ാം തീയതി ഉണ്ടായ പൈപ്പുപൊട്ടലിനെക്കുറിച്ച് അന്വേഷിക്കുവാൻ മുൻ ചീഫ് സെക്രട്ടറി ശ്രീ.കെ.ജയകുമാറിന്റെ നേതൃത്വത്തിൽ ഒരു നാലംഗ സമിതിയെ ചുമതലയേൽപ്പിച്ചിരുന്നു. പ്രസ്തുത അന്വേഷണസമിതിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 29/04/2013-ൽ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ